കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി.6)145/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി :13.03.2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക.)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇ.കെ.എം(പി.6)145/2020 തീയതി : 13.03.2020

## എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമ പഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01-04-2018 മുതൽ 31-03-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ശ്രീ. വിനോദ് കെ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 21-01-2020 മുതൽ<br>30-01-2020 വരെ | ശ്രീമതി.റസിയബീവി.ജെ,<br>ഓഡിറ്റ് ഓഫീസർ |

| | |
|---|---|
| | ശ്രീ.വിനീത് ആർ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,<br>ശ്രീമതി.ശ്രീജ ഉണ്ണികൃഷ്ണൻ,<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ബബിത ബി. കുമാർ,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീമതി ജെസി പീറ്റർ | 1-4-2018 മുതൽ 31-3-2019 വരെ |

2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.ഇ.കെ. കൃഷ്ണൻകുട്ടി | 01-04-18 മുതൽ 31-03-2019വരെ |

4. മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ.സതീഷ് കുമാർ. എം.ഡി | 01-04-2018 മുതൽ 31-03-2019 വരെ |
| 2 | വെറ്ററിനറി സർജൻ | ഡോ. രജിത പിള്ള | 01-04-2018- മുതൽ 13-09-2018 വരെ |
| | | ഡോ.പി.വി.കവിത | 19-09-2018 മുതൽ 31-03-2019 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ശുഭ കെ നായർ | 01-04-2018 മുതൽ 31-03-2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി,തൊട്ടൂർ) | ഡോ.സുധ സുഭി നായർ | 01-04-2018 മുതൽ 31-03-2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ, (പി.എച്ച്.സി,ആരക്കുന്നം) | ഡോ.സാവിത്രി | 01-04-2018മുതൽ 05.03.2019 വരെ |
| | | ഡോ.വിനോദ് | 06-03-2019 മുതൽ 31-03-2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ, (ആയുർവേദം) | ഡോ.രാജേഷ്.പി | 01-04-2018മുതൽ |

| | | | |
|---|---|---|---|
| | | | 31-03-2019 വരെ |
| 8 | മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ.ശാന്താറാം | 01-04-2018 മുതൽ 31-03-2019 വരെ |
| 9 | ഹെഡ് മിസ്ട്രസ്സ്, വെളിയനാട് സ്കൂൾ | നീന തോമസ് | 01-04-2018 മുതൽ 31-03-2019 വരെ |
| 10 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ശോഭിനി ടി.വി | 01-04-2018 മുതൽ 31.03.2019 വരെ |
| 11 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- വെളിയനാട് സർക്കിൾ | ശ്രീമതി. അനില പി | 01-04-2018മുതൽ 31-03-2019 വരെ |
| 12 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- എടക്കാട്ടുവയൽ സർക്കിൾ | ശ്രീമതി.രാജേശ്വരി.സി | 01-04-2018 മുതൽ 31-03-2019 വരെ |
| 13 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ ജെയിംസ് | 01-04-2018 മുതൽ 31-03-2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1<br>ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |

| | | |
|---|---|---|
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-12 |
| 13 | ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 14 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല | 1-14 |
| 15 | കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല | 1-15 |
| 16 | കെട്ടിടനിർമ്മാണം ക്രമപ്പെടുത്തുന്നതിന് കുറഞ്ഞ ഫീസ് ഈടാക്കി | 1-16 |
| 17 | കർഷകർക്ക് മോട്ടോർ-പമ്പ് സെറ്റ് നല്കൽ- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി | 1-17 |
| 18 | പട്ടികജാതി വനിതകൾക്ക് ആട് വിതരണം- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി | 1-18 |
| 19 | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് തുക നല്കിയിട്ടില്ല | 1-19 |
| 20 | ഭിന്നശേഷിക്കാരുടെ വിവരങ്ങൾ- രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല | 1-20 |
| 21 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പൂർണ്ണമായി നൽകിയിട്ടില്ല | 1-21 |
| 22 | തെരുവു വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ | 1-22 |
| 23 | കാലവർഷക്കെടുതി -കണ്ടിജൻസി ഫണ്ടിൽ നിക്ഷേപിച്ച തുക തിരികെ ലഭിച്ചില്ല | 1-23 |
| 24 | പേവിഷ നിയന്ത്രണം-പദ്ധതി നിർവ്വഹണം -അപാകതകൾ | 1-24 |
| 25 | ഡെപോസിറ്റ് തുകകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല | 1-25 |
| 26 | എൽ.ഇ.ഡി ബൾബ് നിർമ്മാണം - സബ്സിഡി തുക തിരികെ അടവാക്കി | 1-26 |
| 27 | അജൈവ മാലിന്യ സംസ്കരണം - മികച്ച രീതിയിൽ പുരോഗമിക്കുന്നു | 1-27 |
| 28 | ഒരേ ഇനം സാധനങ്ങൾക്ക് ഒന്നിലധികം ടെണ്ടർ | 1-28 |
| 29 | വിവിധ ആവശ്യങ്ങൾക്കായി പണിത കെട്ടിടങ്ങൾ -ഉപയോഗിക്കുന്നില്ല | 1-29 |
| | ഭാഗം 2 | |
| 30 | കെട്ടിടനിർമ്മാണം ക്രമപ്പെടുത്തുന്നതിന് കുറഞ്ഞ | 2-1 |

| | | |
|---|---|---|
| | ഫീസ് ഈടാക്കി | |
| | ഭാഗം 3 | |
| 31 | കർഷകർക്ക് മോട്ടോർ-പമ്പ് സെറ്റ് നല്കൽ-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി | 3-1 |
| 32 | പട്ടികജാതി വനിതകൾക്ക് ആട് വിതരണം-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി | 3-2 |
| | ഭാഗം 4 | |
| 33 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 4-1 |
| 34 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 35 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 36 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 37 | വായ്പ /വായ്പ തിരിച്ചടവ് | 4-5 |
| 38 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 39 | ഓഡിറ്റ് റിക്കവറി | 4-7 |
| 40 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 41 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 42 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 43 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| 44 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം.1 |
| 45 | ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം.2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 28.3.2018 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 22.02.18തീയതിയിലെ 3 (1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 26.04.19 |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7517536 |
| വരവ് | 63854100 |
| ആകെ | 71371636 |
| ചെലവ് | 56093241 |
| നീക്കിയിരിപ്പ് | 15278395 |

# 1-4 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ലാപ്സായ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 11510000 | 11510000 | 10236288 | 0 | 1273712 |
| വികസന ഫണ്ട്- എസ്.സി.പി | | 0 | 4871000 | 4871000 | 4093900 | 0 | 777100 |
| വികസന ഫണ്ട് – ടി.എസ്.പി | | 0 | 40000 | 40000 | 13000 | 0 | 27000 |
| മെയിന്റനൻസ്, റോഡ് | | 0 | 23089000 | 23089000 | 8857987 | 0 | 14231013 |
| മെയിന്റനൻസ്, നോൺ റോഡ് | | 0 | 2780000 | 2780000 | 1815615 | 0 | 964385 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | | 0 | 7062895 | 7062895 | 4928332 | 0 | 2134561 |
| സാക്ഷരത | | 12401 | 0 | 12401 | 950 | 11451 | |
| ദുരിതാശ്വാസനിധി | | 42032 | 25290 | 67322 | 46512 | 20810 | |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാളി കളുടെ കൂലി | 0 | 24366388 | 24366388 | 24366388 | 0 | |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 2400 | 454710 | 457110 | 454535 | 2575 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | ICDS | 335282 | 1062401 | 1397683 | 908140 | 489543 | |
| | ODF | 106486 | 0 | 106486 | 55930 | 50556 | |
| | NIRMAL | 5701 | 0 | 5701 | 0 | 5701 | |

| | | | | | | | |
|---|---|---|---|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | വിമുക്തി | 37500 | 25000 | 62500 | 35409 | 27091 | |
| | മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം | 25000 | 1200000 | 1225000 | 0 | 1225000 | |
| | ശ്മശാനം ഗ്രാന്റ് | 1086 | 0 | 1086 | 0 | 1086 | |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 600000 | 1594500 | 2194500 | 2194500 | 0 | |
| | ജില്ലാ പഞ്ചായത്ത് | 0 | 8727021 | 8727021 | 2364521 | 6362500 | |
| ബി ഫണ്ട് | | 0 | 38125720 | 38125720 | 38125720 | 0 | |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 3073867 | 5349939 | 8423806 | 1752536 | 6671270 | |
| | ട്രഷറി അക്കൗണ്ട് | 3147474 | 10535897 | 13683376 | 13312183 | 371193 | |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 172 | 121576687 | 93 | 43131414 | 0 | 79 | 54.1 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2400 | 454710 | 457110 | 454535 | 2575 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | --- | 24366388 | 24366388 | 24366388 | ---- |
| ആകെ | 2400 | 24821098 | 24823498 | 24820923 | 2575 |

# 1-7 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ

കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 94320 | 45 |
| കർഷകതൊഴിലാളി പെൻഷൻ | 8415500 | 660 |
| വിധവാപെൻഷൻ | 6169700 | 515 |
| വാർദ്ധക്യകാലപെൻഷൻ | 20326900 | 1633 |
| വികലാംഗപെൻഷൻ | 2496700 | 203 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 622600 | 50 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-01-2020 ന് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8072/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

<u>രജിസ്റ്ററുകളുടേയും ഫയലുകളുടേയും സൂക്ഷിപ്പ്</u>

രജിസ്റ്ററുകളും ഫയലുകളും കാലികമായും ക്രമമായും സൂക്ഷിച്ചിട്ടുണ്ട്.

<u>മോണിറ്ററിംഗ്</u>

പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രോജക്ടുകളിൽ വ്യക്തമായ മോണിറ്ററിംഗ് വർക്കിംഗ് ഗ്രൂപ്പുകൾ നടത്തുന്നില്ല. വാർഷിക പദ്ധതിയിലുൾപ്പെട്ട പ്രോജക്ടുകളുടെ നിർവ്വഹണത്തിന്റെ വിജയം കാര്യക്ഷമവവും ഫലപ്രദവുമായ മോണിറ്ററിംഗ് സംവിധാനത്തിൽ അധിഷ്ഠിതമാണ്. പ്രോജക്ടുകളുടെ നിർവ്വഹണത്തേയും നിർവ്വഹണ ഉദ്യോഗസ്ഥനേയും സഹായിക്കുന്ന പ്രവർത്തനമാണ് മോണിറ്ററിംഗ്. ആദ്യം മുതൽ അവസാനം വരെ പ്രോജക്ടുകളുടെ നിർവ്വഹണം വിഭാവനം ചെയ്ത തരത്തിൽ തന്നെ പുരോഗമിക്കുന്നുവെന്ന് ദിശാഗതി നിർണ്ണയം നടത്തുന്ന നിരന്തരമായ വിലയിരുത്തലും പരിശോധനയുമാണ് മോണിറ്ററിംഗ്. മോണിറ്ററിംഗ് നടത്തേണ്ട ഉത്തരവാദിത്തം

അതത് വർക്കിംഗ് ഗ്രൂപ്പുകൾക്കാണ്. ഓഡിറ്റ് വർഷങ്ങളിൽ നഗരസഭ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകൾ ഇത്തരത്തിൽ മോണിറ്ററിംഗിന് വിധേയമാക്കിയിട്ടില്ല. പ്രോജക്ടുകളുടെ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് മോണിറ്ററിംഗ് സമിതികൾ വിലയിരുത്തുന്നില്ല.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.01.2020 | ഡിസംബർ 2019 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.05.2015 മുതൽ 18.05.2015 വരെ | 2010- 11 മുതൽ 2014-15 വരെ | 22.09.2015 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 4-1 ൽ പരാമർശിച്ചിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ പരിഹരിക്കുവാൻ അവശേഷിക്കുന്നവ അനുബന്ധം 1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-12 ഓഡിറ്റ് ഇംപാക്ട്

മെമന്റോ വാങ്ങിയ ഇനത്തിൽ അധികം നല്കിയ 875/- രൂപ, ഓഡിറ്റ് എൻക്വയറി (നമ്പർ – 11, തീ.28.01.2020) നല്കിയതിനെ തുടർന്ന് 30.01.2020 തീയതിയിൽ രസീത് നമ്പർ 119070103090 പ്രകാരം പഞ്ചായത്ത് ഫണ്ടിൽ തിരികെ അടവാക്കി.

# 1-13 ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല

ഓഡിറ്റ് വർഷത്തെ ഫാക്ടറികൾ, കച്ചവടങ്ങൾ, സംരഭകപ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്കുള്ള ലൈസൻസ് അപേക്ഷകളിൽ താഴെ പറയുന്ന

സ്ഥാപനങ്ങളിൽ അതിന്റെ പേരിന് നേരേ ചേർത്തിരിക്കുന്ന എണ്ണം ജീവനക്കാർ ജോലി ചെയ്തിട്ടുള്ളതായി കാണിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 204(1) പ്രകാരം 60 ദിവസത്തിൽ കുറയാതെ പഞ്ചായത്ത് പ്രദേശത്ത് തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളും അവരവരുടെ വരുമാനത്തിനനുസൃതമായ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | അമൃതം ഫുഡ് പ്രൊഡക്ട്സ് | 15 |
| 2 | റോയൽ റോക്ക് പ്രൊഡക്ട്സ് | 10 |
| 3 | പുലിമലയിൽ ബ്രിക്സ്,തിരുമറയൂർ | 8 |
| 4 | സ്ത്രീശക്തി | 8 |
| 5 | വിന്നേർസ് നാപ്കിൻ യൂണിറ്റ് | 6 |
| 6 | സെന്റ് ജോർജ് ബ്രിക്സ് | 6 |
| 7 | കൊച്ചിൻ പ്രിസിഷൻ ടൂൾസ് | 6 |
| 8 | ആനന്ദ് ഇൻഡസ്ട്രീസ് | 6 |
| 9 | സാജ് അലുമിനിയം | 6 |
| 10 | മലബാർ എക്സ്ട്രൂഷൻ എക്വിപ്മെന്റ്സ് & സ്പേർസ് പ്രൈ.ലി | 5 |
| 11 | പെന്റഗൺ മെറ്റൽസ് | 5 |
| 12 | ജെ ബി ആർ ഇൻഡസ്ട്രീസ് | 5 |
| 13 | സെന്റ് മേരീസ് ഇൻഡസ്ട്രീസ് | 5 |
| 14 | അത്താണിക്കൽ ആഗ്രോ ഏജൻസീസ് | 4 |
| 15 | നന്ദനം സിമെന്റ് പ്രൊഡക്ട്സ് | 4 |
| 16 | സെന്റ് ജോർജ് ഹോട്ടൽ, ആരക്കുന്നം | 4 |
| 17 | ആശിർവാദ് സ്റ്റീൽസ്, ചെത്തിക്കോട് | 4 |
| 18 | നോവ ഫർണ്ണിച്ചർ, ഊഴക്കോട് | 4 |
| 19 | സ്വയംവര ബേക്കറി, പേപ്പതി | 4 |
| 20 | ന്യൂ അരോമ ഹോട്ടൽ | 4 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9, 27.01.2020) നല്കിയ മറുപടിയിൽ തുക അടിയന്തിരമായി ഈടാക്കുന്നതാണെന്ന് അറിയിച്ചു.തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-14 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല

ഓഡിറ്റ് വർഷം കെ എസ് ഇ ബി, ബി എസ് എൻ എൽ എന്നീ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ബഹു.കേരള ഹൈക്കോടതിയുടെ WP(C)No.16670/06 കേസിൽ 09.09.2016 ൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ സ്ഥാപനതൊഴിൽ നികുതി ഒടുക്കേണ്ടതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി യിൽ നിന്ന് സ്ഥാപനതൊഴിൽ നികുതി ഈടാക്കണമെന്ന് പഞ്ചായത്ത് ഡയറക്ടറുടെ 04.02.1992 ലെ എം.സി-1/3142/92 നം.കത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. സ്ഥാപനതൊഴിൽ നികുതി ഈടാക്കാതിരുന്നത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5, 24.01.2020) ടി സ്ഥാപനങ്ങളിൽ നിന്ന് തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടിട്ടുണ്ട്. തുക ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

# 1-15 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല

കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി /തൊഴിൽ ചെയ്യുകയോ മുതൽമുടക്കുകളിൽ നിന്ന് ലാഭം ഉണ്ടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതി ഒടുക്കുന്നതിന് ബാധ്യസ്ഥനാണ്. 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിന്റെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ താഴെ പറയുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16, 29.01.2020) നല്കിയ മറുപടിയിൽ തുക അടിയന്തിരപ്രാധാന്യത്തോടെ ഈടാക്കുന്നതാണെന്ന് അറിയിച്ചു.

| ക്രമ | പേര് | ഏറ്റെടുത്ത് നടത്തിയ പ്രൊജക്ട്-പേര്,നം. |
|---|---|---|

| | | |
|---|---|---|
| നം. | | |
| 1 | മനോജ്.കെ.എസ് | പട്ടകുന്ന് സെക്കൻഡ് റീച്ച് (51/18-19 ),മിച്ചഭൂമി കോളനി റോഡ് പാർശ്വഭിത്തി സംരക്ഷണം (72/18-19), വെളിയനാട് ഫാർമേർസ് ഹാൾ നവീകരണം (75/18-19) |
| 2 | കെ.എൻ.ശശീന്ദ്രൻ | നെടുവത്താഴം റോഡ് സംരക്ഷണം(38/18-19) |
| 3 | കൃഷ്ണകുമാർ.ജി | തൊട്ടൂർ നെല്ലിക്കത്താഴം റോഡ് സെക്കൻഡ് റീച്ച് (49/18-19) |
| 4 | പ്രഹ്ലാദൻ.എം.ആർ | തെക്കേടത്ത് പ്രായിർ റോഡ് സെക്കൻഡ് റീച്ച് (40/18-19), തളിക്കോട്ടിൽ ചെത്തിക്കോട് പാടം റോഡ് നിർമ്മാണം (155/18-19) |
| 5 | റെജി.കെ.ഡേവിഡ് | വട്ടപ്പാറ കടമന റോഡ് പൂർത്തീകരണം(82/18-19) |
| 6 | സിജിമോൾ ജോർജ് | തൊട്ടൂർ ഐ സി ഡി പി സബ് സെന്റർ നവീകരണം (77/18-19) |
| 7 | ശ്രീജിത്ത് ചന്ദ്രൻ | പ്രധാന സ്ഥലങ്ങളിൽ ദിശാബോർഡ് സ്ഥാപിക്കൽ (62/18-19) |
| 8 | കെ.ടി.തോമസ് | കൃഷിഭവൻ, ആയുർവേദ ആശുപത്രി കെട്ടിടങ്ങളുടെ ചുറ്റമതിൽ പെയിന്റിംഗ് (150/18-19), പാർപ്പകോട് പകൽവീട് പൂർത്തീകരണ പ്രവൃത്തികൾ (151/18-19), മീമ്പിള്ളി വൈശ്ശേരിപ്പടി റോഡ് സെക്കൻഡ് റീച്ച് റീടാറിംഗ് (159/18-19), വെളിയനാട് പ്രീപ്രൈമറി സ്കൂളിന് അടിസ്ഥാനസൗകര്യം- പൂർത്തീകരണജോലികൾ (168/18-19),കൊടിമറ്റം കുളം പാർശ്വസംരക്ഷണവും റോഡ് നിർമ്മാണവും (156/18-19), തിരുമറയൂർ ഇടപ്പറമ്പിൽത്താഴം റോഡ് (47/18-19) |
| 9 | സി.വി.മാർക്കോസ് | കല്ലുകുളം നവീകരണം പൂർത്തീകരണജോലികൾ(162/18-19) |
| 10 | ഷാജി വർഗീസ് | ഏഴിപ്പുറം കുരിശ് മുരിങ്ങനാട്ടുപാറ റോഡ് പാർശ്വസംരക്ഷണം (39/18-19) |
| 11 | എൽ.ജി ടെക് ഡെവലപേഴ്സ് & ഫൗണ്ടേഷൻസ് | ചെത്തിക്കോട് കുന്നപ്പിള്ളി റോഡ് കലുങ്ക് നിർമ്മാണം(137/18-19) |

ടി കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# 1-16 കെട്ടിടനിർമ്മാണം

## ക്രമപ്പെടുത്തുന്നതിന് കുറഞ്ഞ ഫീസ് ഈടാക്കി

കെട്ടിടനിർമ്മാണം പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി.2/2015/ തസ്വഭവ തീ.11.11.2015 നമ്പർ കത്തിൽ സ്പഷ്ടീകരണം നല്കിയിരുന്നു. പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് രാജിയാക്കൽ ഫീസായി ഈടാക്കേണ്ടത്. എന്നാൽ പഞ്ചായത്തിൽ പുതിയ കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് രാജിയാക്കൽ ഫീസ് മാത്രമേ ഈടാക്കിയിട്ടുള്ളൂ. താമസാവശ്യത്തിനുള്ള കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 3/-രൂപയും താമസേതരാവശ്യത്തിനുള്ള കെട്ടിടത്തിന് 5/-രൂപയുമാണ് പെർമിറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. കുറഞ്ഞ നിരക്ക് ഈടാക്കിയതിനാൽ 6784 /-രൂപ വരവിൽ നഷ്ടം ഉണ്ടായിട്ടുണ്ട്. കൂടുതൽ വിവരങ്ങൾ ഭാഗം 2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-17 കർഷകർക്ക് മോട്ടോർ - പമ്പ്സെറ്റ് നൽകൽ -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി

കൃഷി ഓഫീസർ നടപ്പാക്കിയ കർഷകർക്ക് മോട്ടോർ പമ്പ് സെറ്റ് നല്കൽ പദ്ധതി പ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-18 പട്ടികജാതി വനിതകൾക്ക് ആട് വിതരണം-ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി

വെറ്ററിനറി സർജൻ നടപ്പാക്കിയ പട്ടികജാതി വനിതകൾക്ക് ആട് വിതരണം എന്ന പദ്ധതി പ്രകാരം ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കിയിട്ടുണ്ട്. വിശദവിവരങ്ങൾ ഭാഗം 3 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-19 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ

# സ്കോളർഷിപ്പ് തുക നല്കിയിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നമ്പർ / പ്രോജക്ട് | 15/18.19,ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും ബത്തയും |
| അടങ്കൽ | 1000000/- |
| ചെലവ് വിവരം/ബിൽ/ചെക്ക് നം,തീയതി | 1) 500000/-(പഞ്ചായത്ത് വിഹിതം, പ്ലാൻ ഫണ്ട്) 6/18-19/04.11.18.<br>2) 100000/-(ബ്ലോക്ക് വിഹിതം) -229515/8.3.19<br>3) 175000/- (ജില്ലാ പഞ്ചായത്ത് വിഹിതം) |
| ആകെ ചെലവ് | 775000/- |

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രൊജക്ടിൻ കീഴിൽ ഭിന്നശേഷിയുള്ള 46 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 775000/- രൂപ ചെലവഴിച്ചിട്ടുണ്ട്. 46 ഗുണഭോക്താക്കളിൽ 31 പേർ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികളാണ്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.) നമ്പർ 22/2018/തസ്വഭവ/14.02.2018 ഖ.7.1.6 പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുക താഴെക്കൊടുക്കുന്നു.

| ഇനം | സ്കോളർഷിപ്പ്/ബത്ത | |
|---|---|---|
| | പ്രതിമാസം | വാർഷികം |
| സ്കോളർഷിപ്പ് | 1000 | 12000 |
| വസ്ത്രങ്ങൾക്കുള്ള ബത്ത | | 1500 |
| പഠനസഹായികൾക്ക്/ വിദ്യാഭ്യാസ സാമഗ്രികൾക്ക് ബത്ത | | 2000 |
| ഡേസ്കോളർക്ക് യാത്രാബത്ത | 1000 | 12000 |
| ഉല്ലാസ യാത്രാചെലവുകൾ | | 1000 |
| ആകെ | 28500 | |

എന്നാൽ ഈ പ്രൊജക്ട് പ്രകാരം രൂ.20442/- വീതമാണ് മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നല്കിയിട്ടുള്ളത്. ഓരോ വിദ്യാർത്ഥിക്കും 8058/- രൂപ വീതം തുക കുറവായാണ് നല്കിയിട്ടുള്ളത്. 31 വിദ്യാർത്ഥികൾക്കും കൂടി ആകെ 249798/- രൂപ കുറവായാണ് നല്കിയിട്ടുള്ളത്. വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട നിരക്കിൽ സ്കോളർഷിപ്പ് നൽകാതിരുന്നതിന്റെ കാരണങ്ങൾക്ക് ഓഡിറ്റിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7-27.1.20) ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ അപര്യാപ്തത കാരണമാണെന്ന് പറഞ്ഞിരിക്കുന്നു. ബജറ്റിലും പ്രോജക്ട് തയ്യാറാക്കുന്ന വേളയിലും

ആവശ്യമായ തുക വകയിരുത്തേണ്ടതും ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻനിർത്തി വിഭാവനം ചെയ്തിരിക്കുന്ന സ്കോളർഷിപ്പ് തുക പൂർണ്ണമായും വിതരണം ചെയ്യേണ്ടതുമാണ്.

# 1-20 ഭിന്നശേഷിക്കാരുടെ വിവരങ്ങൾ- രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല

17.08.16 ലെ 2465/2016/തസ്വഭവ നമ്പർ ഉത്തരവിൽ ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത രജിസ്റ്റർ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം. 17/16.1.20) നല്കിയതിന് ഇനി മുതൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയത്. മേൽ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം ഭിന്നശേഷിക്കാരായ എല്ലാ വ്യക്തികളുടേയും വിവരങ്ങൾ ഉൾക്കൊള്ളുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓഡിറ്റിൽ പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്.

# 1-21 ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി പൂർണ്ണമായി നൽകിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നം. | 94/19 |
| പ്രോജക്ടിന്റെ പേര് | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഡയറി ഫാം ഇൻസ്ട്രക്ടർ, ക്ഷീരവികസനം |
| അടങ്കൽ | 665000 |
| ചെലവ് | ബിൽ നം. 1/18-19/16.1.19(വികസന ഫണ്ട്)300000,<br>215000, 2295916,18.3.19 (ജില്ലാ പഞ്ചായത്ത് വിഹിതം)<br>150000,ചെക്ക് നം.2295917. 18.3.19 (ബ്ലോക്ക് വിഹിതം) |

സർക്കാർ വിഭാവനം ചെയ്യുന്ന നിരക്കിൽ ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി/ ധനസഹായം പൂർണ്ണമായ തോതിൽ നൽകാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ടി പ്രോജക്ട് പ്രകാരം പഞ്ചായത്ത് പ്രദേശത്തുള്ള പ്രാഥമിക ക്ഷീരസംഘങ്ങളിൽ പാൽ അളന്നു നല്കുന്ന ക്ഷീരകർഷകർക്ക് മിൽക്ക് ഇൻസെന്റീവ് ആയി 2018 ഏപ്രിൽ മുതൽ ജൂലൈ മാസം വരെയുള്ള 4 മാസകാലയളവ് കണക്കാക്കി പാലിന് ലിറ്ററിന് 4 രൂപ എന്ന കണക്കിൽ സബ്സിഡി നൽകുന്നതിന് പ്രോജക്ട് തയ്യാറാക്കി 3 ക്ഷീരസംഘങ്ങളിലെ 204 ക്ഷീര കർഷകർക്ക് ആണ് തുക നല്കിയിട്ടുള്ളത്.

1) എടയ്ക്കാട്ടുവയൽ ക്ഷീരസംഘം

2) ചെത്തിക്കോട് ക്ഷീരസംഘം

3) തിരുമറയൂർ ക്ഷീരസംഘം

ഒരു കൊല്ലം ലഭിച്ച പാലിന് ശരാശരി കണക്കാക്കി പരമാവധി 40000/- രൂപ വരെ ഒരു ക്ഷീരകർഷകന് സബ്സിഡി നൽകാമെന്നിരിക്കെ ഇത്രയും കുറഞ്ഞ കാലയളവ് കണക്കാക്കി (4 മാസം മാത്രം) സബ്സിഡി നൽകിയതിന്റെ വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണ്ടതാണ് എന്ന് ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി നല്കിയതിനു (നം.3/23.01.20) ലഭ്യമാക്കിയ മറുപടിയിൽ ഫണ്ടിന്റെ ലഭ്യതക്കുറവ് മൂലമാണെന്നാണ് അറിയിച്ചിട്ടുള്ളത്. വളരെയധികം പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന ക്ഷീര കർഷകർക്ക് ഒരു കൈത്താങ്ങായി സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള ടി സബ്സിഡി പൂർണ്ണമായും ഒരു വർഷക്കാലയളവിലേയ്ക്ക് തന്നെ നല്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-22 തെരുവ് വിളക്ക് അറ്റകുറ്റപ്പണി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നമ്പരും പേരും | 4/19,<br>വഴി വിളക്ക് നവീകരണം |
| അടങ്കൽ, ഫണ്ടിനം | 4,97,000/- രൂപ, വികസന ഫണ്ട് (ജനറൽ) |
| ചെലവു വിവരം | 40332/- രൂപ, ബിൽ നമ്പർ -4/18-19 തീ.21-6-2018.<br>99750/- രൂപ, ബിൽ നമ്പർ -33/18-19 തീ.17-3-2019<br>90000/- രൂപ, ബിൽ നമ്പർ -36/18-19 തീ.16-3-2019<br>91500/- രൂപ, ബിൽ നമ്പർ -39/18-19 തീ.26-3-2019<br>71170/- രൂപ, ബിൽ നമ്പർ -41/18-19 തീ.26-3-2019<br>[illegible] |

| | |
|---|---|
| | 104248/- രൂപ, ബിൽ നമ്പർ -11/18-19 തീ.31-8-2018 ആകെ ചെലവ് -4,97,000 /- രൂപ. |

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി പോസ്റ്റുകളിൽ നിലവിലുള്ള തെരുവുവിളക്കുകൾ റിപ്പയർ ചെയ്യുന്നതിന് കരാറുകാരായ ശ്രീ ഇ.വൈ.ഏലിയാസ് (12.12.2017 മുതൽ 11.12.2018 വരെ), ശ്രീ ജെയ്മോൻ കെ.പി (23.01.2019 മുതൽ 22.01.2020 വരെ) എന്നിവരുമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി കരാർ വെച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ചെലവുകളുടെ കാര്യത്തിൽ വിവിധ വാർഡ് മെമ്പർമാർ അവരുടെ വാർഡുകളിൽ ലൈറ്റുകൾ ശരിയാക്കി എന്ന് ലൈറ്റർപാഡിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ ലൈറ്റുകളുടെ വിവരം (ഇലക്ട്രിക്ക് പോസ്റ്റുകളുടെ നമ്പർ) രേഖപ്പെടുത്തിയിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ 17.8.2015 ലെ ജി2 – 44274/2015 നമ്പർ ഉത്തരവ് പ്രകാരം സൂക്ഷിക്കുവാൻ നിർദ്ദേശിച്ച ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവ് വിളക്കുകളുടേയും വിവരങ്ങൾ (പോസ്റ്റ് നമ്പർ ഉൾപ്പെടെ) രേഖപ്പെടുത്തിയ രജിസ്റ്റർ നിലവിൽ സൂക്ഷിക്കുന്നില്ല. അതിനാൽ വഴിവിളക്ക് നവീകരണത്തിന്റെ ചെലവുകളുടെ കൃത്യത ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല.

കൂടാതെ വഴി വിളക്ക് നവീകരണം നടത്തിയ തൊഴിലാളികൾക്ക് അപകട ഇൻഷ്വറൻസ് നിലവിലുണ്ടായിരുന്നോയെന്ന് പഞ്ചായത്ത് ഉറപ്പാക്കിയതായും രേഖകളില്ല.

മേൽപ്പറഞ്ഞ കാര്യങ്ങൾ വിശദീകരിക്കണമെന്ന് ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ–18, തീയതി 29.01.2020) പഞ്ചായത്ത് ഹാജരാക്കിയ മറുപടിയിൽ അപാകതകൾ പരിഹരിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. കൃത്യമായി വിവരങ്ങൾ രേഖപ്പെടുത്തിയ വഴിവിളക്ക് രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

.

# 1-23 കാലവർഷക്കെടുതി -കണ്ടിജൻസി ഫണ്ടിൽ നിക്ഷേപിച്ച തുക തിരികെ ലഭിച്ചില്ല

കാലവർഷക്കെടുതി മൂലം ദുരിതമനുഭവിക്കുന്ന പഞ്ചായത്തുകളിലെ ദുരിതാശ്വാസ

പ്രവർത്തനങ്ങൾക്കായി കണ്ടിജൻസി ഫണ്ട് രൂപീകരിക്കുന്നതിനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ പേരിൽ തൃക്കാക്കരയിലെ SBI ശാഖയിൽ നിലവിലുള്ള 57025500560 നമ്പർ അക്കൗണ്ടിൽ 10,000/- രൂപ ചെക്ക് നമ്പർ 697858/23.8.18 പ്രകാരം നിക്ഷേപിച്ചിട്ടുണ്ട് (വൗച്ചർ നമ്പർ-21800413/23.8.18). ഗ്രാമപഞ്ചായത്തുകൾ മേൽ പ്രകാരം നിക്ഷേപിക്കുന്ന തുക തിരികെ നൽകുന്നതാണെന്ന് കണ്ടിജൻസി ഫണ്ട് സ്വരൂപിക്കുന്നതു സംബന്ധിച്ചുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ സി5-3097/2018/22.8.18 നമ്പർ കത്തിൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഈ തുക തിരികെ ലഭിച്ചിട്ടില്ല. തുക ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-24 പേവിഷ നിയന്ത്രണം-പദ്ധതി നിർവ്വഹണം-അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 93/18-19 |
| പേര് | പേവിഷ നിയന്ത്രണം |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 25,000/-(പൊതു വിഭാഗം വികസന ഫണ്ട്) |
| ചെലവ് | 25,000/-(ബിൽ നമ്പർ-5/18-19/11.3.19) |

പഞ്ചായത്ത് പരിധിയിലുള്ള വളർത്തു നായ്ക്കൾക്ക് പേ വിഷബാധയ്ക്ക് എതിരെ പ്രതിരോധ കുത്തിവെയ്പ് നടത്തുന്നതിനായി 2018 ഡിസംബർ മാസം 12,13,14,15,17,18,19 തീയതികളിൽ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ക്യാംപ് നടത്തിയതിന് മേൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. ക്യാംപിലേക്ക് ആവശ്യമായ സർജിക്കൽ ഗ്ലൗസ്, സിറിഞ്ച് മുതലായവ വാങ്ങുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതായും ലഭിച്ച ക്വട്ടേഷനുകൾ 23.11.2018 ന് 2 മണിക്ക് തുറക്കുകയും ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള ക്വട്ടേഷനുകളിൽ വിജയ് മെഡിക്കൽസ്,ആരക്കുന്നം സമർപ്പിച്ച ക്വട്ടേഷനിലെ തീയതി 22.01.2019 ആണെങ്കിലും തീയതി 22.11.2018 ആയി തിരുത്തിയിട്ടുണ്ട്. Vital Surgicals & Disposables എന്ന സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിലെ തീയതി 17.01.2019 ആണെങ്കിലും ആയത് 17.11.18 ആയി തിരുത്തിയിട്ടുണ്ട്. ടി.കെ.ഫാർമ സമർപ്പിച്ച ക്വട്ടേഷനിലെ തീയതി 20.01.19 ആണെങ്കിലും 20.11.18 ആയി തിരുത്തിയിട്ടുണ്ട്. ക്വട്ടേഷനുകൾ 23.11.18 ന് 2 മണിയ്ക്ക് തുറന്നതായി അതത് ക്വട്ടേഷനുകളിൽ

വെറ്ററിനറി സർജൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സർജിക്കൽ ഗ്ലൗസ്, സിറിഞ്ച് മുതലായവ വാങ്ങിയത് വിജയ് മെഡിക്കൽസിൽ നിന്നാണ്. (ബിൽ നമ്പർ-5554 തീ.22.01.19, തുക-11530/-). സ്ഥാപനം സമർപ്പിച്ച ക്വട്ടേഷനിൽ രേഖപ്പെടുത്തിയ തീയതി തന്നെയാണ് ബിൽ തീയതിയും. ക്യാംപ് നടത്തിയത് ഡിസംബർ മാസത്തിലാണെങ്കിലും പേവിഷ നിയന്ത്രണ ക്യാംപിലേക്ക് ആവശ്യമായ ഉപകരണങ്ങൾ ക്യാംപിനു ശേഷം ജനുവരി മാസത്തിൽ വാങ്ങിയതായാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. പദ്ധതി നിർവഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14/28.01.2020) നൽകിയ മറുപടിയിൽ പറഞ്ഞിരിക്കുന്നത് ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആരും വരാതിരുന്നതിനാൽ ക്യാംപുകൾക്ക് അടുത്തുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള സാധനങ്ങൾ എടുത്തുവെന്നും പിന്നീട് വിജയ് മെഡിക്കൽസിൽ നിന്നും വാങ്ങി സാധനങ്ങൾ തിരികെ നൽകി എന്നുമാണ്. നവംബർ മാസത്തിൽ ക്വട്ടേഷൻ ആരും സമർപ്പിച്ചിരുന്നില്ലെന്ന് മറുപടിയിൽ നിന്നും വ്യക്തമായിരിക്കെ ജനുവരിയിൽ ലഭിച്ച ക്വട്ടേഷനുകളിലെ തീയതി നവംബർ മാസത്തിലേതാക്കി തിരുത്തി ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയ നടപടി തെറ്റാണ്. ക്വട്ടേഷൻ തീയതി തിരുത്തുന്നതു പോലെയുള്ള നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 ഡെപോസിറ്റ് തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾക്കായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് ഡെപ്പോസിറ്റ് തുക നല്കിയിട്ടുണ്ട്. പ്രസ്തുത തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതുവരെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| പ്രോജക്ട് നമ്പരും പേരും | മുൻകൂർ നല്കിയ തുക | ബിൽ നമ്പർ, തീയതി |
|---|---|---|
| എസ്-169/19, വൈശ്ശേരിപ്പടി മീമ്പള്ളി റോഡ് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 13343 | 170/18-19, 29.03.2019 |
| എസ്- 183/19, വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 87685 | 35/18-19, 16.03.2019 |

## 1-26 എൽ.ഇ.ഡി ബൾബ് നിർമ്മാണം - സബ്സിഡി തുക തിരികെ അടവാക്കി

പ്രോജക്ട് നമ്പർ 88/19 പ്രകാരം നടപ്പാക്കിയ എൽ.ഇ.ഡി ബൾബ് നിർമ്മാണത്തിനും വഴിവിളക്കിനും-വനിതാ തൊഴിൽ പരിശീലനം എന്ന പ്രോജക്ടിൽ സഹൃദയ കുടുംബശ്രീ അയൽക്കൂട്ടത്തിലെ 5 അംഗങ്ങൾക്ക് എൽ.ഇ.ഡി. ബൾബ് നിർമ്മാണത്തിനായി 50000/-രൂപ ബാക്ക് എൻഡ് സബ്സിഡി നല്കിയിരുന്നു. അംഗങ്ങളുടെ വിഹിതമായി 5000/-രൂപയും, സബ്സിഡി ആയി 50000/- രൂപയും ബാങ്ക് ലോണായി 95000/-രൂപയും ചേർത്ത് 150000/-രൂപ ആകെ ചെലവ് ചെയ്ത് തുടങ്ങിയ പ്രസ്തുത പദ്ധതി ഉപേക്ഷിച്ച് 26.03.2019 ൽ 50000/-രൂപ വി.ഇ.ഓ. 3604-00-911-99 ഹെഡിൽ തിരികെ ഒടുക്കിയിട്ടുണ്ട്. തിരുമറയൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും പ്രസ്തുത പ്രോജക്ടിനായി എടുത്ത വായ്പ തുക 95000/-രൂപയിൽ 90190/-രൂപ ബാങ്കിൽ തിരികെ അടവാക്കിയതായും, ബാക്കി നില്ക്കുന്ന 4810/-രൂപ ഉടൻ തിരിച്ചടവാക്കുന്നതാണെന്നും ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8,27.01.2020) വി.ഇ.ഒ. മറുപടി നല്കി. കുടുംബശ്രീ അയൽകൂട്ട യൂണിറ്റിന് ബൾബ് നിർമ്മിക്കാൻ 90/-രൂപ മുതൽമുടക്ക് വരുമെന്നും നിലവിൽ വിപണിയിൽ 80/-രൂപയ്ക്ക് ബൾബ് ലഭ്യമാകുന്നതിനാലാണ് പദ്ധതി ഉപേക്ഷിക്കേണ്ടി വന്നതെന്നും വി.ഇ.ഓ. അറിയിച്ചു. ഭാവിയിൽ ഇത്തരം പ്രോജക്ടുകൾ വിഭാവനം ചെയ്യുമ്പോൾ കൃത്യമായ വിപണന സാധ്യതകൾ വിലയിരുത്തി പ്രോജക്ട് തയ്യാറാക്കേണ്ടതാണ്. ബാങ്ക് ലോൺ പൂർണ്ണമായി തിരിച്ചടച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-27 അജൈവ മാലിന്യ സംസ്ക്കരണം - മികച്ച രീതിയിൽ പുരോഗമിക്കുന്നു

പ്രോജക്ട് നമ്പർ 87/19 -അജൈവ മാലിന്യ സംസ്കരണം പ്രകാരം പ്ലാസ്റ്റിക്ക് മാലിന്യശേഖരണത്തിനായി ഹരിതകർമ്മ സേന രൂപീകരിക്കുകയും സേനാംഗങ്ങൾക്ക് ആവശ്യമായ യൂണിഫോം, ഗം ബൂട്ട് എന്നിവ വിതരണം ചെയ്യുകയും ചെയ്തിരുന്നു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ ശേഖരിച്ച് അവ Material Collection Facility Centreൽ എത്തിക്കുന്നതിൽ ഹരിതകർമ്മ സേനയുടെ പ്രവർത്തനം മാതൃകാപരമാണെന്ന് ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.8,27.01.2020) വി.ഇ.ഒ മറുപടി നല്കിയിട്ടുണ്ട്. നാളിതുവരെ ആറ് ടണ്ണോളം അജൈവ മാലിന്യം ക്ലീൻ കേരള കമ്പനിയുടെ ഏജൻസിക്ക് കൈമാറിയതായും വി.ഇ.ഒ അറിയിച്ചു.

## 1-28 ഒരേ ഇനം സാധനങ്ങൾക്ക് ഒന്നിലധികം ടെണ്ടർ

എസ്.സി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ (പ്രോജക്ട് നമ്പർ 33/19), എസ്.ടി. വിദ്യാർത്ഥികൾക്ക് ഫർണീച്ചർ (പ്രോജക്ട് നമ്പർ 98/19), എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പ്രോജക്ട് നമ്പർ 27/19), എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (പ്രോജക്ട് നമ്പർ 99/19), എന്നീ പ്രോജക്ടുകൾ പ്രകാരം വാങ്ങിയിരിക്കുന്ന ഫർണീച്ചർ, ലാപ് ടോപ്പ് എന്നിവ രണ്ടു വിഭാഗത്തിനും ഒരേ സ്പെസിഫിക്കേഷനിൽ ഉള്ളതാണ്. എന്നാൽ ഇതിനായി പ്രത്യേകം പ്രത്യേകം ടെണ്ടറുകളാണ് ക്ഷണിച്ചിരിക്കുന്നത്. ഒരേ സ്പെസിഫിക്കേഷനിലുള്ള സാധനങ്ങൾ വാങ്ങുന്നതിന് പ്രോജക്ട് നമ്പരുകൾ വിഭിന്നങ്ങളാണ് എന്ന ഒറ്റക്കാരണത്താൽ പ്രത്യേകം ടെണ്ടറുകൾ ക്ഷണിച്ചത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള പ്രൊക്യൂർമെന്റ് മാനുവലിലെ (തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 08.11.2010-ലെ ജി.ഒ. (പി) 259/2010) വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. തുടർന്നുള്ള വാങ്ങലുകളിൽ പ്രൊക്യുവർമെന്റ് മാനുവലിലെ നിബന്ധനകൾ കൃത്യമായി പാലിക്കേണ്ടതാണ്.

## 1-29 വിവിധ ആവശ്യങ്ങൾക്കായി പണിത കെട്ടിടങ്ങൾ ഉപയോഗിക്കുന്നില്ല

1. പാർപ്പാകോട് പകൽവീട്- വ്യായാമകേന്ദ്രം- പ്രവർത്തനം

പ്രോജക്ട് നം. - 138/19

ചെലവ് - 325000/-രൂപ (വികസന ഫണ്ട്, ബിൽ നം. 9/18-19/ 24.7.18)

- 651639/-രൂപ (ധനകാര്യകമ്മീഷൻ അവാർഡ്, 21/18-19/30.10.18)

2017-18 വർഷത്തിൽ ആരംഭിച്ച പ്രോജക്ടാണിത്. 2018-19 ൽ സ്പിൽ ഓവറായി പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം ടി പ്രോജക്ടിനായി 22500/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 999139/- രൂപ. ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ടി കെട്ടിടം പ്രസ്തുത ആവശ്യത്തിന് ഉപയോഗിക്കുന്നില്ല എന്ന് മനസ്സിലാക്കാൻ കഴിഞ്ഞു.

2. ചൂരക്കുഴി വനിതാ തൊഴിൽ പരിശീലനകേന്ദ്രം -പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പ്രോജക്ട് നം. -എസ്.ഒ.115/19

ചെലവ് - 38874/- രൂപ (വികസന ഫണ്ട്, ബിൽ നം.17/18-19/13.9.18)

- 76364/- രൂപ (ധനകാര്യ കമ്മീഷൻ അവാർഡ്, 16/18-19/139.18)

2017-18 വർഷത്തിൽ ആരംഭിച്ച പ്രോജക്ടാണിത്. 2018-19 ൽ സ്പിൽ ഓവറായി പണി പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം ടി പ്രോജക്ടിനായി 472425/-രൂപ ചെലവഴിച്ചിട്ടുണ്ട്. ആകെ 587663/-രൂപ. ഓഡിറ്റ് ടീം നടത്തിയ ഭൗതിക പരിശോധനയിൽ ടി സ്ഥാപനം നാളിതുവരെ ഉപയോഗിച്ചിട്ടില്ല എന്ന മനസ്സിലാക്കാൻ കഴിഞ്ഞു. ഇതിന്റെ ഒരു ഭാഗം എ.ഡി.എസ് മീറ്റിംഗുകൾക്ക് ഉപയോഗിക്കുക എന്ന ഉദ്ദേശത്തോടെ ഇതിനുവേണ്ടി 2017-18 വർഷം 60001/- രൂപയുടെ ഫർണീച്ചറുകൾ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും കെട്ടിടം ഉപയോഗിക്കാത്തതിനാൽ ടി ഫർണീച്ചറുകളും ഉപയോഗിക്കുന്നില്ല. ടി കെട്ടിടം, ഫർണീച്ചർ എന്നിവ ഉപയോഗശൂന്യമാക്കിയിട്ടിരിക്കുന്നതിന്റെ കാരണം വിശദമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ-15,29.01.2020) നല്കിയതിന് ലഭ്യമാക്കിയ മറുപടിയിൽ ഇലക്ട്രിഫിക്കേഷൻ വർക്ക് നടത്തി ഉപയോഗയോഗ്യമാക്കുന്നതാണെന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടങ്ങൾ ഉപയോഗയോഗ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 2-1 കെട്ടിടനിർമ്മാണം ക്രമപ്പെടുത്തുന്നതിന് കുറഞ്ഞ ഫീസ് ഈടാക്കി

കെട്ടിടനിർമ്മാണം പെർമിറ്റെടുക്കാതെ പൂർണ്ണമായും ക്രമവത്ക്കരിക്കുമ്പോൾ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി 2/15/തസ്വഭവ തീ.11.11.2015 നമ്പരായി നല്കിയ സ്പഷ്ടീകരണത്തിൽ നിർദ്ദേശിച്ചിട്ടുണ്ട്. പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് രാജിയാക്കൽ ഫീസായി ഈടാക്കേണ്ടത്. എന്നാൽ താഴെ ചേർത്തിട്ടുള്ള

കെട്ടിടങ്ങളുടെ നിർമ്മാണം ക്രമവത്ക്കരിക്കുന്നതിന് രാജിയാക്കൽ ഫീസ് മാത്രമേ ഈടാക്കിയിട്ടുള്ളൂ. താമസാവശ്യത്തിനുള്ള കെട്ടിടത്തിന് ചതുരശ്രമീറ്ററിന് 3/-രൂപയും താമസേതരാവശ്യത്തിനുള്ള കെട്ടിടത്തിന് 5/-രൂപയുമാണ് പെർമിറ്റ് നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | ഉപയോഗക്രമം/ വിസ്തീർണ്ണം (ച.മീ ) | ഈടാക്കേണ്ടിയിരുന്ന ഫീസ് (രൂപ) | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| 1 | I / 210 D | ശങ്കർ മനുജ് | താമസം, 169.86 | (169.86 X3X2) + (169.86X3)= 1529/- | 1020 /- | 509 /- |
| 2 | II / 29 B | തങ്കച്ചൻ.കെ.വി | വാണിജ്യം, 188.04 | (188.04X5X2)+ (188.04X5)= 2821/- | 1881 /- | 940 /- |
| 3 | II / 109 B | ത്രേസ്യാമ്മ | താമസം, 104.48 | (104.48X3X2)+ (104.48X3)= 941/- | 627 /- | 314 /- |
| 4 | III / 679 A | ദേവകി അയ്യപ്പൻ | താമസം, 104.48 | (104.48X3X2)+ (104.48X3)= 941/- | 627 /- | 314 /- |
| 5 | IV / 388 B | ശ്രീജിത്ത് | താമസം, 150.87 | (150.87X3X2)+ (150.87X3)= 1358/- | 905 /- | 453 /- |
| 6 | IV / 134 B | തമ്പി കുര്യാക്കോസ് | താമസം, 110.95 | (110.95X3X2)+ (110.95X3)= 999/- | 666 /- | 333 /- |
| 7 | IV / 3 B | മോനി ജോർജ് | താമസം, 95.29 | (95.29X3X2)+ (95.29X3)= 858/- | 572 /- | 286 /- |
| 8 | VII / 322 A | ജോസ് | താമസം, 178.32 | (178.32X3X2)+ (178.32X3)= 1605/- | 1070 /- | 535 /- |
| 9 | VIII / 223 A | ജേക്കബ് .പി.വി | താമസം, 168.32 | (168.32X3X2)+ (168.32X3)= 1515/- | 1010 /- | 505 /- |
| 10 | XI / 33 A | സുരേന്ദ്രൻ.എം.വി | താമസം, 247 | (247X3X2)+ (247X3) = 2223/- | 1482 /- | 741 /- |
| 11 | XI / 92 A | ലീല.ടി.പി | വാണിജ്യം, 47.56 | (47.56X5X2)+ (47.56X5)= 714/- | 476 /- | 238 /- |
| 12 | XII / 518 C | ശ്രീജിത്ത് | താമസം, 112.64 | (112.64X3X2)+ (112.64X3)= 1014/- | 676 /- | 338 /- |
| 13 | XII / 66 | രാധ | താമസം, 201.07 | (201.07X3X2)+ | 1207 /- | 603 /- |

| | | | | | | |
|---|---|---|---|---|---|---|
| | A | | | (201.07X3)= 1810/- | | |
| 14 | XIV / 386 A | ജോൺ.വി.ജേക്കബ് | താമസം, 113.09 | (113.09X3X2)+ (113.09X3)= 1018/- | 679 /- | 339 /- |
| 15 | XIV / 130 E | രാജേഷ്.കെ.എസ് | താമസം, 111.95 | (111.95X3X2)+ (111.95X3)= 1008/- | 672 /- | 336 /- |
| ആകെ കുറവ് | | | | | | 6784/- |

കെട്ടിടനിർമ്മാണം ക്രമവത്കരിക്കുന്നതിന് ഇപ്രകാരം കുറഞ്ഞ തുക ഈടാക്കിയതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.6,27.01.2020) റെഗുലറൈസേഷൻ ഫീസായി പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കിയാൽ മതി എന്നാണ് പറഞ്ഞിട്ടുള്ളത്. ടി മറുപടി അംഗീകരിക്കാനാവില്ല. ആയതിനാൽ റെഗുലറൈസേഷൻ ഫീസിനത്തിൽ ഈടാക്കിയപ്പോൾ കുറവ് വന്ന തുകയായ 6784/-രൂപ ഉത്തരവാദിയായവരിൽ നിന്നീടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

# 3-1 കർഷകർക്ക് മോട്ടോർ -പമ്പ് സെറ്റ് നല്കൽ -ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി

| | |
|---|---|
| പ്രൊജക്ട് നമ്പർ | S 69/19 |
| പേര് | കർഷകർക്ക് മോട്ടോർ/പമ്പ്സെറ്റ് നൽകൽ |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ |
| അടങ്കൽ | 50,000/- (പൊതു വിഭാഗം വികസന ഫണ്ട്) |

| | |
|---|---|
| ചെലവ് | 50,000/- |
| ബിൽ നമ്പർ,തുക | 1) 2/2018-19/10.02.19 , 40690/-<br>2) 3/2018-19/20.2.19 , 9310/- |

പ്രൊജക്റ്റ് പ്രകാരം 12 കർഷകർക്ക് പമ്പ് സെറ്റിന്റെ വിലയിൽ സബ്സിഡി അനുവദിച്ചിട്ടുണ്ട്. ഇതിൽ ചുവടെ ചേർക്കുന്നവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നമ്പർ | പേര് | നൽകിയ സബ്സിഡി | ബിൽ നമ്പർ, തുക |
|---|---|---|---|
| 1 | രമണൻ സി.കെ. | 4707/- | 2/2018-19/10.02.19,40690/- |
| 2 | നാരായണൻ നായർ.ബി. | 4806/- | 2/2018-19/10.02.19,40690/- |
| 3 | ടി.യു. തോമസ് | 3801/- | 2/2018-19/10.02.19,40690/- |
| 4 | വർക്കി ഏലിയാസ് | 5000/- | 3/2018-19/20.2.19,9310 |
| | ആകെ | 18314 | |

ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകിയത് അംഗീകരിക്കാൻ സാധിക്കുകയില്ല. വിശദീകരണം ഹാജരാക്കുവാൻ ആവശ്യപ്പെട്ടു കൊണ്ട് 29.01.2020 ൽ നൽകിയ 17-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ വ്യക്തികൾക്ക് നല്കിയ 18314 /- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി പ്ലാൻ ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ആയത് നിർവഹണോദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ ബാധ്യതയായിരിക്കും.

# 3-2 പട്ടികജാതി വനിതകൾക്ക് ആട് വിതരണം- ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യം നല്കി

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | S161/19 |
| പേര് | പട്ടികജാതി വനിതകൾക്ക് ആട് വിതരണം |
| ഫണ്ട് | എസ്.സി.പി. |
| നിർവ്വഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| അടങ്കൽ | 10,00,000/-(SCP-7,50,000/-,<br>ഗുണ വിഹിതം-2,50,000/-) |
| ചെലവ് | 3,62,500/-(SCP-2,62,50/-, |

| | |
|---|---|
| | ഗുണ വിഹിതം-1,00,000/-) |
| ട്രഷറി ബിൽ നമ്പരും തുകയും | 3/18-19/15.02.19/75,000 /-<br>4/18-19/11.3.19/1,20,000 /-<br>6/18-19/16.3.19/67,500 /- |

40 ഗുണഭോക്താക്കൾക്ക് 5000/- രൂപ വീതം വിലയുള്ള 2 പെണ്ണാടുകളെ പദ്ധതി പ്രകാരം വാങ്ങി നൽകി. ഓരോ ഗുണഭോക്താവും 2500/- രൂപ വീതം ഗുണഭോക്തൃവിഹിതം അടവാക്കി. 7500/-രൂപ സബ്സിഡിയിനത്തിൽ ഓരോ ഗുണഭോക്താവിനും നല്കി. പെണ്ണാടുകളെ ലഭിച്ചവരിൽ ചുവടെ ചേർക്കുന്നവർ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

1. സിന്ധുമോൾ കെ.ടി., കളപ്പുരയിൽ
2. അമ്മിണി രാജൻ, കണ്ണമ്മേലിൽ
3. തങ്കമ്മ കുറുമ്പൻ, മേച്ചിറപ്പാട്ട്
4. ഗിരിജ ഒ.ജി, ഓലിമൂഴിത്തടത്തിൽ
5. തെയ്യാമ്മ കെ.സി, കനകുന്നേൽ
6. ബിന്ദു സുനിൽ കുമാർ, വള്ളിക്കുന്നേൽ
7. രാജി ഹരിദാസ്, തച്ചുകുഴിയിൽ

85 പേരെ ഉൾപ്പെടുത്തിയിട്ടുള്ള അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താക്കൾ അവശേഷിക്കെ ലിസ്റ്റിൽ ഉൾപ്പെടാത്ത മേൽ വ്യക്തികൾക്ക് ആനുകൂല്യം നൽകിയതിനുള്ള കാരണം ഫയലിൽ പരാമർശിച്ചിട്ടില്ല. ഇവർക്ക് ആനുകൂല്യം നൽകിയത് ബന്ധപ്പെട്ട വാർഡുകളിലെ ഗ്രാമസഭകൾ സാധൂകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. 2019-20 ൽ ടി പ്രൊജക്ട് സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുകയും (പ്രൊജക്ട് നമ്പർ-133/20) 2018-19 ലെ ഗുണഭോക്തൃലിസ്റ്റ് തന്നെ 2019-20 ലും ഉപയോഗിക്കുന്നതിന് 30.11.19 ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി വെറ്ററിനറി സർജന്റെ അപേക്ഷ പ്രകാരം അനുമതി നൽകുകയും ചെയ്തു (1(5)നമ്പർ തീരുമാനം). മേൽ പട്ടികയിലെ ക്രമ നമ്പർ 2 മുതൽ 7 വരെയുള്ള വ്യക്തികളെ 2019-20 ലെ ഇതേ പ്രൊജക്ടിന്റെ അധിക ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒരിക്കൽ ആനുകൂല്യം ലഭിച്ച വ്യക്തികളെ വീണ്ടും തൊട്ടടുത്ത വർഷം മറ്റൊരു ലിസ്റ്റിൽ ഉൾപ്പെടുത്തിയത് അംഗീകരിക്കാനാവില്ല. ഇവർക്ക് 2019-20 വർഷം ആനുകൂല്യം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13,28.01.2020)മറുപടി ലഭ്യമാക്കിയില്ല. ഗുണഭോക്തൃലിസ്റ്റിൽ

ഉൾപ്പെടാത്ത വ്യക്തികൾക്ക് നല്കിയ സബ്സിഡി തുക 52,500/-(7500X7)ഓഡിറ്റിൽ നിരാകരിക്കുന്നു. തുക തിരികെ ഈടാക്കി SCP ഫണ്ടിൽ അടവാക്കേണ്ടതാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 05.06.2019 & 06.06.2019 | KSA-EKM (PG) 1227(49)/2019 dt.14.08.2019 |

(ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 974421 | നെൽകൃഷി വികസനം | 974421 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | ലൈഫ് ഭവന പദ്ധതി | 1000000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 215100 | പാൽ സബ്സിഡി | 215100 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2000000 | ചേലക്കാട് എസ്.സി. കോളനി | 0 | 2000000 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | എഴപുറം എസ്. സി. കോളനി | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1000000 | ചെല്ല്യംപുറം എസ്.സി. കോളനി | 0 | 1000000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 2000000 | ഓർമിളക്കുന്ന് എസ്.സി. കമ്മ്യൂണിറ്റി ഹാൾ | 0 | 2000000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 300000 | ലൈഫ് മിഷൻ (എസ്.സി.) | 0 | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1344500 | ലൈഫ് മിഷൻ (എസ്.സി.) | 1344500 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 150000 | പാൽ സബ്സിഡി | 150000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 237500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 175000 | 62500 |

# 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവ്യത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്. ഇ.ബി | എസ്-169/19, വൈശ്ശേരിപ്പടി മീമ്പള്ളി റോഡ് ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 170/18-19, 29.03.2019 | 13343 | 0 | 13343 |
| കെ.എസ്. ഇ.ബി | എസ്- 183/19, വിവിധ വാർഡുകളിലെ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റൽ | 35/18-19, 16.03.2019 | 87685 | 0 | 87685 |
| കെ.എസ്. | എസ്- 167/19, | 22/18-19, | 180000 | 180000 | 0 |

| | | | | | |
|---|---|---|---|---|---|
| ഇ.ബി | കെ.എസ്.ഇ.ബി ലൈൻ എക്സ്റ്റെൻഷൻ | 15.01.2019 | | | |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | തിരിച്ചടക്കുവാൻ ബാക്കി |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് പദ്ധതി | ജി.ഒ (എം.എസ്) 68/2018/ എൽ.എസ്. ജി.ഡി 18.5.2018 | 4836877 | 0 | 0 | 0 | *4836877 |

*തിരിച്ചടവ് കാലയളവ് ആരംഭിച്ചിട്ടില്ല.

# 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 8550/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/ തീയതി |
|---|---|---|---|---|
| 2004-05 | 3-10 | 700 | കെ.ടി.വരഗീസ് | 118070100884/ 03-07-2018. |
| | | | | |

| | | | | |
|---|---|---|---|---|
| 2015-16 | 2-1(എ,ബി) | 1250 | ശ്രീജിത്ത് ചന്ദ്രൻ | 118070101549/ 29-09-2018. |
| 2015-16 | 2-1(എ,ബി) | 1250 | അശോക് കുമാർ | 118070101567/ 01-10-2018. |
| 2015-16 | 2-1(എ,ബി) | 1250 | കെ.ടി.തോമസ് | 118070103647/ 25-02-2019 |
| 2017-18 | 2-2,4 | 600 | നിഷ വിജയൻ | 118070104043/ 07-03-2019 |
| 2017-18 | 2-2,4 | 500 | നിഷ വിജയൻ | 118070104032/ 06-03-2019 |
| 2017-18 | 2-2,4 | 500 | ജോരജ് മുതിരക്കാലായിൽ | 118070104033/ 06-03-2019 |
| 2017-18 | 2-1 | 1250 | മനോജ്, കുന്നേൽ | 118070104244/ 11-03-2019 |
| 2017-18 | 2-1 | 1250 | കെ.ടി.തോമസ് | 118070103648/ 25-02-2019 |
| | ആകെ | 8550 | | |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക നം | വിഷയം | നിലവിലെ സ്ഥിതി |
|---|---|---|---|---|---|
| 2011-12 | 3-11 | 2013-14 | 6-3,6-(3), (1,2) | തൊഴിൽ നികുതി | ഖണ്ഡികകളിലെ പരാമർശങ്ങൾക്കനുസൃതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 2015-16 | 2(1)എ | 2016-17 | | 12 കരാറു കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | തൊഴിൽ നികുതി ഈടാക്കുന്നതിന് അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| ,, | 2(സി) | ,, | | റെയിൽവെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല. | റെയിൽവെ ഡിവിഷണൽ മാനേജർക്ക് 25-01-2017, 18-07-2017, 23-08-2018 തീയതികളിൽ അറിയിപ്പ് നൽകി. |
| ,, | 2(ഡി) | ,, | | പഞ്ചായത്ത് വാഹനത്തിന്റെ ഡ്രൈവർ | 15-02-2017 ന് ഈടാക്കി ഒടുക്കിയിട്ടുണ്ട്. |

| | | | | | |
|---|---|---|---|---|---|
| | | | | ശ്രീ.ബിനോയ് ജോസഫിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല. | |

# 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 63854100 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 56093241 |
| വരവിനങ്ങളിലുള്ള നഷ്ടം | 6784 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 70814 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 101028 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 6784 | | ഇ.കെ.കൃഷ്ണൻകുട്ടി, സെക്രട്ടറി |
| 3-1 | | 18314 | സതീഷ്കുമാർ.എം.ഡി, കൃഷി ഓഫീസർ |
| 3-2 | | 52500 | ഡോ.പി.വി.കവിത, വെറ്ററിനറി സർജൻ |
| ആകെ | 6784 | 70814 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-25 | 101028 | ഇ.കെ.കൃഷ്ണൻകുട്ടി,സെക്രട്ടറി |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.പി.വി.കവിത | വെറ്ററിനറി സർജൻ, എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | നീലങ്കത്ത് ഹൗസ്, കണിയാമ്പുഴ റോഡ്, വൈറ്റില, കൊച്ചി – 19 |
| ഇ.കെ.കൃഷ്ണൻകുട്ടി | സെക്രട്ടറി,എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്ത് | എല്ലിമ്മേൽ, നെച്ചൂർ.പി.ഒ., മണീട് |
| സതീഷ് കുമാർ എം.ഡി | കൃഷി ഓഫീസർ, കൃഷിഭവൻ, എടയ്ക്കാട്ടുവയൽ | സൗഭാഗ്യ (മഠത്തിൽ), ചെമ്മന്തട്ട പി.ഒ, കച്ചേരി, തൃശ്ശൂർ – 680501 |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1992-93 | എൽ.എഫ്.ഇ.(പി6)2265/13,05.03.14 |
| 1998-99 | എൽ.എഫ്.ഇ. (പി6)680/15,11.12.15 |
| 2001-02 | എൽ.എഫ്.ഇ. (പി6)1134/07,22.05.09 |
| 2001-02 (പദ്ധതിചെലവ്) | എൽ.എഫ്.ഇ. (പി4)1438/03/10.12.08 |
| 2002-03 (പദ്ധതി ചെലവ്) | എൽ.എഫ്.ഇ. (പി4)1245/05,02.03.06 |
| 2003-04 | കെഎസ്എഇകെഎം(പി6)1478(iii)/19,23.07.19 |

| | |
|---|---|
| 2004-05 | കെഎസ്എഇകെഎം(പി6)1478(iv)/19,23.07.19 |
| 2005-06 | കെഎസ്എഇകെഎം(പി6)1478(v)/19,23.07.19 |
| 2007-08 | കെഎസ്എഇകെഎം(പി6)1478(vii)/19,23.07.19 |
| 2008-09 | കെഎസ്എഇകെഎം(പി6)1478(viii)/19,23.07.19 |
| 2009-10 | കെഎസ്എഇകെഎം(പി6)1478(ix)/19,23.07.19 |
| 2010-11 | കെഎസ്എഇകെഎം(പി6)1478(x)/19,23.07.19 |
| 2011-12 | കെഎസ്എഇകെഎം(പി6)1478(xi)/19,23.07.19 |
| 2012-13 | കെഎസ്എഇകെഎം(പി6)1478(xii)/19,23.07.19 |
| 2013-14 | |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി.6)1478(xiii)/19,23.07.19 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി.6)1478(xiv)/19,23.07.19 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി.6)1414/17,11.05.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി.6)2214/18,05.11.18 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
എറണാകുളം

# <u>അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215, ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും എറണാകുളം ജില്ലയിലെ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 31.03.2019 ൽ അവസാനിച്ച വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റിന്റെ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൽ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടയ്ക്കാട്ടുവയൽ ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യസ്റ്റേറ്റ്മെന്റ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

## <u>ന്യൂനതകളുടെ സംഗ്രഹം</u>

1. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Edakkattuvayal Grama Panchayat for the year ended on 31.03.2019 in Ernakulam District in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the Certification of accounts of Panchayat Raj Institutions.

In my opinion the Financial Statement of Edakkattuvayal Grama Panchayat for the year 2018-19, subject to the observations in the Annexure, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Abstract of Defects / Discripancies

1. All assets including land were not accounted in the asset register and not reconciled with the Annual Financial Statement.

DEPUTY DIRECTOR